# പ്രത്യേക (സ്മാർട്ട്) സാമ്പത്തിക മേഖല സിറ്റി യാഥാർത്ഥ്യമാകുന്നു

കേരളീയം ന്യൂസ് സർവ്വീസ്




എറണാകുളം ജില്ലയിലെ കാക്കനാടിനടുത്ത് ഇടതുപക്ഷത്തിന്റെ രാഷ്ട്രീയ നയപ്രഖ്യാപനങ്ങൾ കാറ്റിൽ പറത്തികൊണ്ട് സ്മാർട്ട് സിറ്റി പദ്ധതിയെന്ന ഐ.ടി. അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖല തറക്കലിടിൽ കർമ്മം നടന്നു. ദുബായ് ആസ്ഥാനമായുള്ള ഇന്റർനെറ്റ് സിറ്റിയും (ടികോം) കേരള സർക്കാരും സംയുക്തമായി നടപ്പിലാക്കുന്ന ഈ പദ്ധതി യഥാർത്ഥത്തിൽ ഐ.ടി.യുടെ പേരിൽ നടത്തുന്ന ആധുനിക റിയൽഎസ്റ്റേറ്റ് കച്ചവടമാണ്. ബ്രോഡ്ബാന്റ് കേബിളുകളുടെ കണക്റ്റിവിറ്റിയും സ്വതന്ത്ര സോഫ്റ്റ്‌വെയറും പ്രയോജനപ്പെടുത്തി ഏത് ചെറുകിട സംരംഭകനും സോഫ്റ്റ്‌വെയർ കയറ്റുമതി സുസാദ്ധ്യമാണെന്നിരിക്കെ ഐ.ടി. വികസനത്തിന്റെ പേരിൽ നാട്ടിലെ കർഷകരുടെയും മറ്റും ഭൂമി റിയൽഎസ്റ്റേറ്റ് കെട്ടിട സമുച്ചയങ്ങൾക്കും ടൂറിസ്റ്റ് വിനോദ വ്യവസായത്തിനുംവേണ്ടി തട്ടപറ്റിച്ചെടുക്കുന്ന ദല്ലാളായി ഭരണകൂടം മാറുന്നതായാണ് സ്മാർട്ട് സിറ്റിയിൽ നാം കാണുന്നത്. ഇടച്ചിറയിൽ ഇപ്പോൾ തുടക്കം കുറിച്ചിട്ടുള്ള ഈ വികസന വിനാശ പദ്ധതികളുടെ പിൻമുറക്കാരായി നിരവധി പ്രത്യേക സാമ്പത്തിക മേഖല പദ്ധതികൾ എറണാകുളം ജില്ലയിൽ തന്നെ സജ്ജമായി കഴിഞ്ഞു. ഫാക്ട് ട്രാവൻകൂർ റയോൺസ് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം തുടങ്ങിയവയുടെയെല്ലാം ഭൂമി ചുളിവിൽ വിദേശ സംരംഭകർക്ക് കൈമാറുന്ന പത്തോളം ഐ.ടി. അധിഷ്ഠിത സെസ്സുകൾ ഈ വർഷം തന്നെ ആരംഭിക്കുമെന്നറിയുന്നു. സാധാരണക്കാരെ പൂർണ്ണമായും ഓരങ്ങളിലേക്ക് ആട്ടിപായിക്കുന്ന ആഡംബര-കോർപ്പറേറ്റ് മുതലാളിത്ത വികസനത്തിന്റെ പതാകവാഹകരായി ഇടതുപക്ഷം മാറുന്നത് നാം ലജ്ജയോടെ കാണേണ്ടിവരുന്നു. മൂന്നാറിൽ കൊട്ടിഘോഷിക്കപ്പെട്ട കയ്യേറ്റം ഒഴിപ്പിക്കൽ മാമാങ്കത്തിനുശേഷം അവിടെ പ്രത്യേക ടൂറിസം മേഖലയ്ക്ക് ഡിസൈൻ ക്ഷണിച്ചുകൊണ്ടുള്ള പരസ്യം ടൂറിസം വകുപ്പ് നല്കിക്കഴിഞ്ഞു. ചെറുകിട സി.ഡി. ലൈബ്രറി നടത്തിപ്പുക്കാരെ മീശപിരിച്ച് പേടിപ്പിച്ച് മോസർബെയറിന്റെ വിപണി സുഗമമാക്കിയ ഇടതുപക്ഷ സർക്കാർ ആഗോള സാമ്പത്തിക ശക്തികളെ കയറൂരിവിട്ട് കേരളം വികസനത്തിന്റെ സ്വർഗ്ഗഭൂമിയാക്കുമെന്നാണ് ഇപ്പോൾ വീമ്പിളക്കുന്നത്. ചരിത്രം എന്ത് പാഠമാണ് ബാക്കിവയ്ക്കുന്നതെന്ന് കാത്തിരുന്ന് കാണാം.

*പി.ബി.-100, തൃശൂർ*


പ്രിയ കേരളീയം വായനക്കാരാ/രി, താങ്കൾ കേരളീയത്തോടൊപ്പം എന്നും ഉണ്ടായിരുന്നു. നമ്മൾ സാമ്പത്തിക പ്രതിസന്ധിയിലാണ്. ദയവായി വരിസംഖ്യ (240 രൂപ), കഴിയുന്ന സംഭാവന ഉടനെ അയച്ചുതരിക. കേരളീയം, കൊക്കാലെ, തൃശൂർ-21. ഫോൺ : 9446576943, 9447674375